بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 11.10.2024


**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*


# തിരുനബി ചരിത്രം: അഹ്സാബ് യുദ്ധം - 6

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഇപ്പോൾ അഹ്സാബ് യുദ്ധത്തെ കുറിച്ചാണ് പറഞ്ഞുവരുന്നത്. രാത്രി ഉണ്ടായ ശക്തമായ കൊടുങ്കാറ്റിനെ തുടർന്ന് അവിശ്വാസികൾ യുദ്ധമൈതാനത്ത് നിന്ന് ഒഴിഞ്ഞു പോയിരുന്നു എന്ന് പറഞ്ഞിരുന്നു. അല്ലാഹു തിരുനബി(സ)യുടെ അടുക്കൽനിന്ന് ശത്രുസൈന്യങ്ങളെ തിരിച്ചു ഓടിച്ചപ്പോൾ തിരുനബി(സ) പറഞ്ഞു: اَلۡاٰنَ نَغۡزُوۡهُمۡ وَلَا يَغۡزُوۡنَنَا അതായത് മേലിൽ നമ്മൾ ഖുറൈശികൾക്കെതിരെ പോകുമെങ്കിലും അവർക്ക് നമുക്കെതിരെ പുറപ്പെടാൻ ധൈര്യമുണ്ടാകുന്നതല്ല. ഇതിനുശേഷം സംഭവിച്ചതും അങ്ങനെ തന്നെയായിരുന്നു.

15 ദിവസം കിടങ്ങ് ഉപരോധിക്കപ്പെട്ടു. ഒരു നിവേദനം അനുസരിച്ച് ഏകദേശം ഒരു മാസം വരെ ഈ ഉപരോധം ഉണ്ടായിരുന്നു. ഖന്തക്ക് യുദ്ധത്തിൽ 9 പേർ ശഹീദാക്കപ്പെട്ടു. വേറെ 2 സ്വഹാബാക്കളും നേരത്തെ ശഹീദായിരുന്നു. അവർ അബു സുഫിയാന്റെ സൈന്യത്തെക്കുറിച്ച് അറിയാൻ പോയവരായിരുന്നു. ഇങ്ങനെ 11 പേരാണ് ശഹീദായത്. 3 മുശ്രിക്കുകൾ കൊല്ലപ്പെട്ടു.

അഹ്സാബ് യുദ്ധം അത്ഭുത ദൃഷ്ടാന്തമായി പര്യവസാനിച്ചതിനെ കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: ഏറെക്കുറെ 20 ദിവസത്തെ പ്രതിരോധത്തിന്ശേഷം അവിശ്വാസികളുടെ സൈന്യം മദീനയിൽനിന്ന് പരാജിതരായി തിരിച്ചുപോയി. അവരുടെ സഹായത്തിന് എത്തിയിരുന്ന ബനൂഖുറൈസ ഗോത്രവും തങ്ങളുടെ കോട്ടകളിലേക്ക് തിരിച്ചെത്തി. (ഈ യുദ്ധത്തിൽ മുസ്‌ലിങ്ങൾക്ക് കൂടുതൽ ജീവനഷ്ടം ഉണ്ടായില്ല.) പക്ഷേ ഔസ് ഗോത്രത്തിന്റെ വലിയ നേതാവായ സഅദ് ബിൻ മആദിന് കാര്യമായി പരിക്കേറ്റു. അവസാനം ഇതിൽ തന്നെ മരണമടയുകയും ചെയ്തു. ഈ യുദ്ധത്തിൽ അവിശ്വാസികൾക്ക് വലിയ ആഘാതം ഏറ്റു. ഇതിനുശേഷം പിന്നീട് ഒരിക്കലും മുസ്‌ലീങ്ങൾക്കെതിരെ ഈ രീതിയിൽ സംഘടിതരായി പുറപ്പെടാനോ മദീനയ്ക്ക്മേൽ ആക്രമണം നടത്താനോ അവർക്ക് ധൈര്യമുണ്ടായില്ല. തിരുനബി(സ)യുടെ പ്രവചനം അക്ഷരാർത്ഥത്തിൽ പുലരുകയും ചെയ്തു.

കാഫിരീങ്ങളുടെ സൈന്യം പോയതിനുശേഷം തിരുനബി(സ) സ്വഹാബാക്കളോട് തിരിച്ചുപോകാൻ കൽപ്പിച്ചു. മുസ്‌ലീങ്ങൾ യുദ്ധമൈതാനത്ത്നിന്ന് മദീനയിലേക്ക് പ്രവേശിച്ചു. അങ്ങനെ ഖന്തക്ക് അഥവാ അഹ്സാബ് യുദ്ധം അവിചാരിതമായി അവസാനിച്ചു. അത് വളരെ ഭയാനകമായ ഒരു യുദ്ധമായിരുന്നു. അതിനേക്കാൾ ഉപരി ഇത്ര വലിയൊരു പ്രയാസം അതുവരെ മുസ്‌ലിംകൾക്ക് അഭിമുഖീകരിക്കേണ്ടി വന്നിരുന്നില്ല. അതിനുശേഷവും തിരുനബി(സ)യുടെ ജീവിതകാലത്ത് ഇത്രയും വലിയ പ്രയാസം ഉണ്ടായിട്ടില്ല. ഈ ഭയാനകമായ ഭൂകമ്പം മുസ്‌ലിം സൗധത്തിന്റെ അടിത്തറ ഇളക്കി. ദുർബലരായ ആളുകൾ അത് തങ്ങളുടെ അവസാനമാണെന്ന് കരുതി. ഈ പ്രയാസത്തിന്റെ തിക്താനുഭവങ്ങൾ ബനൂഖുറൈസയുടെ വഞ്ചന കാരണം ഇരട്ടിയായി. ഈ എല്ലാ ഫിത്നങ്ങളുടെയും പിന്നിൽ ബനൂനദീറിലെ നന്ദികെട്ട യഹൂദികൾ ആയിരുന്നു. അവർക്ക്മേൽ തിരുനബി(സ) ഔദാര്യം ചെയ്തുകൊണ്ട് മദീനയിൽനിന്ന് സമാധാനത്തോടുകൂടി പുറത്തു പോകുന്നതിന് അനുമതി നൽകിയിരുന്നു. ഈ യഹൂദി നേതാക്കൾ ഇളക്കിവിട്ടത് കാരണമായിരുന്നു അറേബ്യൻ മണലാരണ്യത്തിലെ എല്ലാ അറിയപ്പെടുന്ന ഗോത്രങ്ങളും ഇസ്‌ലാം വിരോധത്തിന്റെ ലഹരിയിൽ ഉന്മാദരായി മുസ്‌ലിങ്ങളെ ഉന്മൂലനം ചെയ്യുന്നതിന്വേണ്ടി മദീനയിൽ ഒരുമിച്ചു കൂടിയത്.

ആ സമയത്ത് ഈ മൃഗസമാനരായ ആളുകൾക്ക് പട്ടണത്തിനകത്തേക്ക് കയറാൻ അവസരം ലഭിച്ചിരുന്നുവെങ്കിൽ ഒരു മുസ്‌ലിമും ജീവനോടെ ബാക്കിയാകുമായിരുന്നില്ല എന്ന കാര്യം ഉറപ്പായിരുന്നു. ഒരു മുസ്‌ലിം സ്ത്രീയുടെയും ചാരിത്ര്യം ഈ ആളുകളുടെ മലീമസമായ ആക്രമണത്തിൽനിന്നും സുരക്ഷിതമാവുകയും ചെയ്യുമായിരുന്നില്ല. പക്ഷേ അല്ലാഹുവിന്റെ വലിയ അനുഗ്രഹവും അവന്റെ അദൃശ്യത്തിൽ നിന്നുള്ള കരങ്ങളും അക്രമകാരികളെ നിശ്ചേഷ്ടരാക്കി മടക്കി അയച്ചു. മുസ്‌ലീങ്ങൾ അല്ലാഹുവിനോട് നന്ദി പ്രകടിപ്പിച്ചുകൊണ്ട് സമാധാനപൂർവ്വം തങ്ങളുടെ വീടുകളിലേക്ക് തിരിച്ചെത്തുകയും ചെയ്തു.

ബനുഖുറൈസയുടെ അപായം ഇപ്പോഴും അങ്ങനെ തന്നെ നിലനിൽക്കുന്നുണ്ടായിരുന്നു. പക്ഷേ അവരുടെ ഫിത്നകളുടെ വാതിലുകൾ അടയ്ക്കേണ്ടതും അനിവാര്യമായിരുന്നു. കാരണം മദീനയിൽ അവരുടെ സാന്നിധ്യം ഒരിക്കലും കൈയ്യിൽ ചുറ്റിയ പാമ്പിനേക്കാൾ കുറവായിരുന്നില്ല, (അതായത് ഒളിഞ്ഞിരിക്കുന്ന ശത്രുവിനെക്കാൾ കുറവായിരുന്നില്ല.) ഏതായിരുന്നാലും അതിനെ പ്രതിരോധിക്കുന്നതിന് വേണ്ടി നടപടികൾ ഉണ്ടായി. ഇത് ബനൂഖുറൈസ യുദ്ധം എന്ന പേരിൽ അറിയപ്പെടുന്നു. ഇത് ഹിജറ അഞ്ചാം വർഷം ദുൽഖഅദ മാസം അതായത് എ.ഡി. 627 മാർച്ച് ഏപ്രിൽ മാസങ്ങളിൽ ആണ് ഉണ്ടായത്. ഖന്തഖ് യുദ്ധത്തിൽ നിന്ന് തിരിച്ചു വന്നതിനുശേഷം തിരുനബി(സ)ഉം സഹാബാക്കളും ആയുധങ്ങളെല്ലാം ഇറക്കിവച്ചു. ഹദ്റത്ത് ആയിശ(റ) പറയുന്നു: ഞങ്ങൾ വീട്ടിൽ തന്നെയായിരുന്നു; ഒരാൾ വന്ന് പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങ് ആയുധങ്ങൾ അഴിച്ചിരിക്കുന്നു; അല്ലാഹുവാണെ, ഞങ്ങൾ ആയുധം അഴിച്ചിട്ടില്ല. ഇപ്പോഴും ഞങ്ങൾ അഹ്സാബിനെ പിന്തുടർന്നുകൊണ്ട് തിരിച്ചുവരികയാണ്. എത്രത്തോളമെന്നാൽ ഞങ്ങൾ ഹംറാഉൽ അസദ് വരെയും എത്തി. അല്ലാഹു അവരെ പരാജയപ്പെടുത്തി. ഇനി അങ്ങ് ബനു ഖുറൈസയിലേക്ക് തിരിഞ്ഞാലും എന്ന് ആംഗ്യം കാണിച്ച് കൊണ്ട് പറയുകയുണ്ടായി. ഹദ്റത്ത് ആയിശ(റ) ആ വന്നത് ഹദ്റത്ത് ദഹിയ ഖൽബി ആണോ എന്ന് ചോദിച്ച്പ്പോൾ തിരുനബി(സ) പറഞ്ഞു: അദ്ദേഹത്തോട് സാദൃശ്യമുണ്ടായിരുന്ന ജിബ്‌രീൽ ആയിരുന്നു അത്. തിരുനബി(സ) അന്നേദിവസം വിളംബരപ്പെടുത്തി, ബനൂഖുറൈസയിലേക്ക് പുറപ്പെടുക; അസർ നമസ്കാരം നമ്മൾ അവിടെ അനുഷ്ഠിക്കുന്നതാണ്.

അങ്ങനെ വിളംബരം കേട്ടതും സഹാബാക്കൾ വളരെ വേഗം പുറപ്പെട്ടു. ചില സഹാബാക്കൾ വഴിയിൽ അസർ നമസ്കാരത്തിന്റെ സമയം കഴിയുന്ന ഘട്ടം വരെ എത്തിയപ്പോൾ നമസ്കരിക്കുകയും ചെയ്തു. ചില സ്വഹാബാക്കൾ അവിടെ എത്തി അസർ നമസ്കരിച്ചു. അപ്പോൾ സൂര്യൻ അസ്തമിച്ചിരുന്നു. നബി(സ) ഹദ്റത്ത് അലി(റ)യെ വിളിച്ച് അദ്ദേഹത്തിന് സൈന്യത്തിന്റെ ഇക്കാബ് എന്ന് പേരുള്ള ശ്യാമള പതാക നൽകി. ആദ്യം നബി തിരുമേനി(സ) ഹദ്റത്ത് അലി(റ)യെ ഒരു സംഘത്തോടൊപ്പം ഒരു മുന്നൊരുക്കകാരായ സംഘം എന്ന നിലയിൽ പറഞ്ഞയച്ചു. പിന്നെ സ്വയം അവർക്ക് പിന്നിൽ പുറപ്പെട്ടു.

മുസ്‌ലിങ്ങൾ ബനു ഖുറൈസയെ ഉപരോധിച്ചതിന്റെ കൂടുതൽ വിവരണങ്ങൾ ഇപ്രകാരമാണ്. അവർ യഹൂദികളുടെ കോട്ടകൊത്തളങ്ങളെ വലയം ചെയ്തു, അവസാനം (പരാജയം ഉറപ്പാക്കി) മറ്റൊരു മാർഗം ഇല്ലെന്നു കണ്ടപ്പോൾ ബനൂഖുറൈസയുടെ നേതാവ് കഅബ് ബിൻ അസദ് തന്റെ ജനതക്കു മുമ്പാകെ മൂന്നു നിർദേശങ്ങൾ വയ്ക്കുകയുണ്ടായി. **ഒന്ന്** നമുക്ക് തിരുനബി(സ)യെ വിശ്വാസിക്കാം, അദ്ദേഹം സത്യവാൻ ആണെന്ന് നിങ്ങൾക്ക് അറിയാം. അതോടെ യുദ്ധം നിലക്കുന്നതാണ്. **രണ്ട്.** നമുക്ക് നമ്മുടെ കുട്ടികളെയും സ്ത്രീകളെയും കൊല ചെയ്യാം. പിന്നെ വാളുകളുമേന്തി മുഹമ്മദ്(സ)നും സഹാബാക്കൾക്കുംനേരെ യുദ്ധം ചെയ്യാം. നമുക്ക് പിന്നിൽ പിന്നീട് ഒരു ഭാരവും ഉണ്ടാകുന്നതല്ല. അങ്ങനെ നമുക്കും മുഹമ്മദ്(സ)നും ഇടയിൽ തീരുമാനമാകും. **മൂന്ന്.** ഇന്ന് ശനി അതായത് സബത്തിന്റെ രാത്രിയാണ്. മുഹമ്മദ്നും(സ)നും സഹാബാക്കൾക്കും ഈ രാത്രിയെ സംബന്ധിച്ചിടത്തോളം നമ്മുടെ കാര്യത്തിൽ ഒരു ആശങ്കയും ഉണ്ടാകില്ല. അതുകൊണ്ട് നിങ്ങൾ അവരെ ആക്രമിക്കുക. അങ്ങനെ നമുക്ക് മുഹമ്മദ്(സ)നെയും സഹാബാക്കളെയും ചതിക്കാൻ കഴിയുന്നതാണ്. അവർ മൂന്ന് നിർദേശങ്ങളേയും അംഗീകരിക്കാൻ തയ്യാറായില്ല. കഅ്ബിന് ശേഷം മറ്റൊരു യഹൂദിയായ അംറ് ബിൻ സഊദ പറഞ്ഞു: അല്ലയോ യഹൂദ സമുദായമേ! നിങ്ങൾ മുഹമ്മദ്(സ)മായി ഉടമ്പടി ചെയ്തതാണ്. നിങ്ങൾ ഈ വാഗ്ദത്തം ലംഘിച്ചിരിക്കുന്നു. നിങ്ങൾക്ക് കുറഞ്ഞപക്ഷം നിങ്ങളുടെ യഹൂദിയ്യത്തിലെങ്കിലും ഉറച്ച് നിൽക്കൂ. അവർക്ക് കപ്പം കൊടുക്കുക. ആ നിർദേശത്തേയും അവരംഗീകരിച്ചില്ല.

അദ്ദേഹം അന്ന് രാത്രി തന്നെ കോട്ടയിൽ നിന്ന് പുറത്തേക്ക് വന്നു. അദ്ദേഹം തിരുനബി(സ)യുടെ അനുവാദത്തോടെ (കാവൽക്കാരുടെ അടുക്കലൂടെ) കടന്നു പോയി. തിരുനബി(സ) പറഞ്ഞു: അല്ലാഹു അദ്ദേഹത്തിന്റെ കൂറു കാരണം അദ്ദേഹത്തിന് മോക്ഷം നൽകിയിരിക്കുന്നു. കഅ്ബിന്റെ വർത്തമാനം കേട്ട് വേറെ മൂന്നു പേരും അതേ രാത്രി കോട്ടയിൽ നിന്നിറങ്ങി വന്ന് ഇസ്‌ലാം സ്വീകരിച്ചു. അങ്ങനെ തങ്ങളുടെ ജീവനെയും കുടുംബത്തെയും സമ്പത്തിനെയും സംരക്ഷിച്ചു.

ഹദ്റത്ത് അബൂലുബാബയുടെ സംഭവവും വിവരിക്കുന്നുണ്ട്. ഇത് സംബന്ധിച്ച എഴുതുന്നു; ബനൂ ഖുറൈസയുടെ ആഗ്രഹപ്രകാരം കൂടിയാലോചിക്കാനായി ഹദ്റത്ത് അബൂലുബാബയെ നബി(സ) കോട്ടയിലേക്ക് അയച്ചു. ഹദ്റത്ത് അബൂലുബാബയെ കണ്ടപ്പോൾ സ്ത്രീകളും കുട്ടികളും അദ്ദേഹത്തിനു മുന്നിൽ കരയാൻ തുടങ്ങി. അതു കണ്ടപ്പോൾ ഹദ്റത്ത് അബൂലുബാബയുടെ മനസ്സ് വളരെ ആർദ്രമായി. (ഇത് കഅബ് ബിൻ അസദ് ചെയ്ത ഒരു ഉപായമായിരുന്നു.) അയാൾ പറഞ്ഞു: മുഹമ്മദ്(സ) തീർച്ചയായും തന്റെ തീരുമാനം അംഗീകരിപ്പിക്കാതെ മറ്റൊന്നിനും തന്നെ തയ്യാറല്ല. നിങ്ങൾ എന്തു പറയുന്നു; ഞങ്ങൾ അദ്ദേഹത്തിന്റെ തീരുമാനം അംഗീകരിക്കേണ്ടതുണ്ടോ? തന്റെ കൈ കൊണ്ട് കഴുത്തിൽ അറുക്കുന്നത് പോലെ കാണിച്ചുകൊണ്ട് പറഞ്ഞു; അതെ. നബി(സ) നിങ്ങളെ കൊല്ലാൻ കൽപിക്കും. (യഥാർഥത്തിൽ ആ പറഞ്ഞത് കളവായിരുന്നു; നബി(സ) അങ്ങനെ ഒരു നിർദേശവും നൽകിയിരുന്നില്ല. ഹദ്റത്ത് അബൂലുബാബ പറയുന്നു: അല്ലാഹുവാണെ സത്യം! ഞാൻ അല്ലാഹുവിനെയും വഞ്ചിച്ചു എന്നാണ് എനിക്ക് തോന്നിയത്. ഞാൻ വളരെ ലജ്ജിതനായി, ഞാനിത് എന്ത് ആംഗ്യമാണ് കാണിച്ചത്! ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ എന്ന് ചൊല്ലി, ഞാൻ തിരിച്ച് എത്തി; തിരുനബി(സ)യുടെ അടുക്കൽ പോയില്ല. പള്ളിയിലേക്ക് പോയി ഞാൻ എന്നെ ശിക്ഷ എന്ന നിലക്ക് സ്വയം തൂണിൽ ബന്ധിച്ചു. ഞാൻ പറഞ്ഞു; ഞാൻ മരണപ്പെടുകയോ അതല്ലെങ്കിൽ എന്റെ പ്രായശ്ചിത്തം സ്വീകരിക്കപ്പെടുകയോ ചെയ്യുന്നതുവരെ ഞാൻ ഇവിടെ നിന്ന് പോകുന്നതല്ല. ഇബ്നു ഹിശാം പറയുന്നു: അദ്ദേഹം 6 രാത്രികൾ അങ്ങനെ ബന്ധനാവസ്ഥയിൽ തുടർന്നു. അവസാനം അല്ലാഹു ഹദ്റത്ത് അബൂലുബാബയുടെ തൗബ സ്വീകരിച്ചുകൊണ്ട് ആയത്ത് അവതരിപ്പിച്ചു.

ഏതായാലും അബൂലുബാബയെ സംബന്ധിച്ച് വന്നിട്ടുള്ള ഈ സംഭവത്തിന്റെ വിശദീകരണങ്ങൾ ഒന്നും തന്നെ സിഹാഹു സിത്തയിൽ കാണാൻ കഴിയുന്നില്ല. ഏതായാലും ചരിത്രപുസ്തകങ്ങളിൽ അത് സംബന്ധിച്ച് കാണുന്നുണ്ട്. ഈ വിശദീകരണം തുടരുന്നതാണ്.

പാക്കിസ്ഥാനിലെ അഹ്മദികൾ സ്വന്തം നിലയ്ക്കും തങ്ങൾക്ക് വേണ്ടി ദുആ ചെയ്യേണ്ടതാണ്. ഈ കാലഘട്ടത്തിൽ അവർക്ക് ഭൂമി ചുരുക്കികൊണ്ടിരിക്കാൻ ശ്രമിക്കുകയാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് വേണ്ടി നേരത്തെതിലും അധികം ശ്രമിച്ചുകൊണ്ടിരിക്കുക. കാരണം ഞാൻ പറഞ്ഞു വന്നതുപോലെ അവസ്ഥകൾ വളരെ മോശമായികൊണ്ടിരിക്കുകയാണ്. അല്ലാഹു അനുഗ്രഹവും കരുണയും ചൊരിയുമാറാകട്ടെ. അതുപോലെ ലോകത്ത് വസിക്കുന്ന അഹ്മദികളും പ്രത്യേകിച്ച് പാക്കിസ്ഥാനികളും പ്രത്യേകമായി തങ്ങളുടെ പാകിസ്ഥാനി സഹോദരന്മാർക്ക് വേണ്ടി ദുആ ചെയ്യുക. അല്ലാഹു അവരുടെ പ്രയാസങ്ങളിൽ നിന്ന് മോചനം നൽകുമാറാകട്ടെ.

അതുപോലെ ബംഗ്ലാദേശിലെ അഹ്മദികൾക്ക് വേണ്ടിയും ദുആ ചെയ്യുക. അവർ സ്വന്തം നിലക്കും ദുആ ചെയ്യേണ്ടതാണ്. അല്ലാഹു എല്ലാദ്രോഹങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. അവിടെയും അഹ്മദികൾ ഒരുപാട് പ്രയാസത്തിൽ അകപ്പെട്ടിരിക്കുന്നു. അൽജീരിയിലെ അഹ്മദികൾക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരെയും എല്ലാ ദ്രോഹങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. അവർക്കുമേൽ പിഴ ചുമത്തിയും അവരെ ബന്ധനസ്ഥരാക്കുന്നു. അല്ലാഹു അവരുടെ വിശ്വാസം സുദൃഢമായി നിലനിർത്തുമാറാകട്ടെ. സ്വീഡനിലെ അഹ്മദികളും അവിടെ യുദ്ധ സാഹചര്യങ്ങൾ കാരണം വളരെ മോശമായ അവസ്ഥയിലാണുള്ളത്, അവർക്ക് വേണ്ടിയും ദുആ ചെയ്യുക.

എല്ലാ സ്ഥലത്തും കലിമ ചൊല്ലുന്ന ആളുകളുടെ കൈകൾ മുഖേനയാണ് കലിമ ചൊല്ലുന്ന ആളുകൾക്ക് പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരുന്നത്. ഈ കാരണം കൊണ്ടു തന്നെ അമുസ്‌ലിം എതിരാളികൾ മുസ്‌ലീങ്ങൾക്ക് പ്രയാസങ്ങൾ വരുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഒരുപാട് ദുആചെയ്യുക. അല്ലാഹു ഇസ്രായേൽ സർക്കാരിന്റെയും അമേരിക്കൻ സർക്കാരിന്റെയും വലിയ ശക്തികളുടെയും കൈകൾ തടയുമാറാകട്ടെ. അവന്റെ കൈയിലാണ് എല്ലാ ശക്തിയും ഉള്ളത്. അവന് അതിനു സാധിക്കുന്നതാണ്.

എന്നാൽ അതിനു വേണ്ടി മുസ്‌ലീങ്ങൾ തങ്ങളുടെ കർമ്മങ്ങൾ അല്ലാഹുവിന്റെ തൃപ്തിക്ക് അനുസൃതമാക്കേണ്ടതും അനിവാര്യമാണ്. പരസ്പരം സഹോദരന്മാർ എന്ന മാതൃക സ്ഥാപിക്കേണ്ടതാണ്. നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന പരസ്പരമുള്ള അഭിപ്രായ വ്യത്യാസങ്ങൾ ഒഴിവാക്കേണ്ടതാണ്. അപ്പോഴാണ് അല്ലാഹുവിന്റെ സഹായവാഗ്ദാനവും പൂർത്തിയാവുകയുള്ളൂ. അതുകൂടാതെ സാധ്യമല്ല. മുസ്‌ലീങ്ങൾക്ക് ഒരു വിശ്വാസിയായി ജീവിക്കേണ്ടതായി വരും. അല്ലാഹു നമുക്കും എല്ലാ മുസ്‌ലീങ്ങൾക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُوْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 11.10.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516